പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 958 05/03/2018 -ൽ മറുപടിയ്ക്ക്

# പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന് ബോധവൽക്കരണം ഉൾപ്പെടെ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ശശി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അദ്ധ്യാപക - അനദ്ധ്യാപകരുൾപ്പെടെ എത്ര ജീവനക്കാർ നിലവിലുണ്ട്; അദ്ധ്യാപകർ എത്ര; അനദ്ധ്യാപകർ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അദ്ധ്യാപക - അനദ്ധ്യാപകരുൾപ്പെടെ ഉള്ള ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വകുപ്പ് | അദ്ധ്യാപകർ | അനദ്ധ്യാപകർ | ആകെ |
|---|---|---|---|
| പൊതുവിദ്യാഭ്യാസ വകുപ്പ് | 163160 | 19219 | 182379 |
| ഹയർ സെക്കന്ററി വകുപ്പ് | 27820 | 3074 | 30894 |
| വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ് | 4276 | 1772 | 6048 |

(ബി) ഇവരിൽ സംസ്ഥാന വിദ്യാഭ്യാസ സംരക്ഷണത്തിനായി എത്ര പേരെ പങ്കെടുപ്പിക്കാനും സേവനം ഉറപ്പുവരുത്താനുമായി സർക്കാരിനും വകുപ്പിനും കഴിഞ്ഞു; ഇവർ നടത്തിയ മുഖ്യമായ സേവനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളിലെ മുഴുവൻ അദ്ധ്യാപകരുടേയും പങ്കാളിത്തം ഉറപ്പാക്കാൻ സഹായകമാകും വിധം വികസന സെമിനാറുകൾ, അക്കാദമിക മാസ്റ്റർ പ്ലാൻ വികസിപ്പിക്കൽ, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിത വിജയം, ശ്രദ്ധ, നവപ്രഭ തുടങ്ങിയ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. അദ്ധ്യാപകരുടെ വിപുലമായ പങ്കാളിത്തം ഇതിലുണ്ടായിട്ടുണ്ട്.

(സി) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ (അദ്ധ്യാപക-അനദ്ധ്യാപക) പ്രവർത്തിക്കുന്ന സർക്കാർ ശമ്പളം പറ്റുന്നവരുടെ മക്കൾ സർക്കാർ സ്കൂളിൽ വിദ്യാഭ്യാസം നേടുന്നുണ്ടോ; ഇക്കാര്യത്തിൽ വകുപ്പിന്റെ നിരീക്ഷണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ (അദ്ധ്യാപക-അനദ്ധ്യാപക) പ്രവർത്തിക്കുന്ന സർക്കാർ ശമ്പളം പറ്റുന്നവരുടെ മക്കൾ സർക്കാർ സ്കൂളിൽ വിദ്യാഭ്യാസം നേടുന്നുണ്ട് ഇക്കാര്യത്തിൽ വകുപ്പ് പ്രത്യേകം നിരീക്ഷണം നടത്തിയിട്ടില്ല

| | |
|---|---|
| (ഡി) പൊതു വിദ്യാഭ്യാസം സംരക്ഷിക്കേണ്ട സർക്കാർ നടപടികളുടെ ഭാഗമായി വകുപ്പിന് കീഴിലുള്ള സർക്കാർ ശമ്പളം വാങ്ങുന്ന രക്ഷിതാക്കളുടെ മക്കൾ സർക്കാർ സ്കൂളിൽ തന്നെ വിദ്യാഭ്യാസം നടത്തുന്നതിനായി അവർക്ക് ബോധവൽക്കരണം ഉൾപ്പെടെ എന്തുനടപടികൾ വകുപ്പ് സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ഡി) നിലവിൽ നടപടിയൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ